## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4000

19.03.2018-ൽ മറുപടിയ്ക്ക്

### ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. യു.ആർ. പ്രദീപ് | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) ഉണ്ട്. |
| (ബി) ദൂരദേശങ്ങളിൽ നിന്നും നഗര പ്രദേശങ്ങളിൽ വന്ന് താമസിക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് വാടകയ്ക്ക് ഫ്ലാറ്റ് നൽകുന്ന പദ്ധതി ഭവനനിർമ്മാണ ബോർഡ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഉണ്ട്. നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിന് പുറത്ത് ജോലി സ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്ത് താമസിക്കുവാൻ നിർബ്ബന്ധിതരാകുകയും ചെയ്യുന്ന വളരെ പാവപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്നതിനുള്ള ഇന്നവേറ്റീവ് ഭവന പദ്ധതി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തിരുവനന്തപുരത്ത് 88 ഫ്ലാറ്റുകളും എറണാകുളത്ത് 36 ഫ്ലാറ്റുകളും തൃശ്ശൂരിൽ 72 ഫ്ലാറ്റുകളും കോഴിക്കോട് 40 ഫ്ലാറ്റുകളും (ആകെ 236 ഫ്ലാറ്റുകൾ) നിർമ്മിച്ചിട്ടുണ്ട്. |
| (സി) കുറഞ്ഞ വരുമാനക്കാർക്ക് വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള 'ഗൃഹലക്ഷ്മി' ഭവന പദ്ധതിയുടെ വിശദാംശം നൽകുമോ; | (സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 'ഗൃഹലക്ഷ്മി' എന്ന പേരിൽ ഭവന പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ സർക്കാർ സബ്സിഡിയോടെ 'ഗൃഹശ്രീ' എന്ന പേരിൽ ഭവനനിർമ്മാണ ബോർഡ് ഭവന പദ്ധതി നടപ്പിലാക്കുന്നുണ്ട്. സ്വന്തമായി 2 സെന്റ് / 3 സെന്റ് ഭൂമിയുള്ള / റവന്യൂ വകുപ്പിൽ നിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബ്ബല വിഭാഗം / താഴ്ന്ന വരുമാന വിഭാഗത്തിൽ-പ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ/ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി |

83 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. പദ്ധതിയുടെ അംഗീകരിച്ച സാമ്പത്തിക ഘടനയനുസരിച്ച് വീട് നിർമ്മാണ ചെലവായ 4 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ വീതം ഗുണഭോക്താവിന്റെയും സ്പോൺസറിന്റേയും വിഹിതവുമാണ്.

(ഡി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് 'സാഫല്യം' ഭവന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സമൂഹത്തിലെ ഭൂ-ഭവന രഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡിയായി വിനിയോഗിച്ചും, സന്നദ്ധ സംഘടന/ പഞ്ചായത്തിന്റെ സഹകരണത്തോടെ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. പ്രസ്തുത പദ്ധതിയുടെ അംഗീകരിച്ച സാമ്പത്തിക ഘടന പ്രകാരം 3.50 ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും, 25,000/- രൂപ വീതം ഗുണഭോക്താവിന്റെയും സന്നദ്ധ സംഘടനയുടെയും വിഹിതവുമാണ്. പദ്ധതി നടപ്പിലാക്കാൻ ഹഡ്കോ വായ്പ ലഭ്യമാകാതിരുന്നതിനാൽ ടി തുക പഞ്ചായത്തുകളിൽ നിന്നും ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. യഥാസമയം പഞ്ചായത്തുകളുടെ പങ്കാളിത്തം ലഭ്യമല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അതുപോലെ 3.5 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി കെട്ടിട നിർമ്മാണം പൂർണ്ണമായി പൂർത്തീകരിക്കുവാനും സാധിക്കുന്നില്ല.

സെക്ഷൻ ഓഫീസർ